# KERALA ELECTRICITY EMPLOYEES' CONFEDERATION
## INTUC

KEEC

(Reg. No. 01-14/87 - Aff. 10485)
V.P MARAKKAR SMARAKA MANDIRAM
AMBUJAVILASOM ROAD, THIRUVANANTHAPURAM - 695 001
E-mail : keecintuchq@gmail.com, Web: www.intuckeec.com

| PATRON | PRESIDENT | WORKING PRESIDENT | GENERAL SECRETARY |
|---|---|---|---|
| K. MURALEEDHARAN M.P | K.P DHANAPALAN Ex.M.P | Adv. SIBYKUTTY FRANCIS | V.SUDHEER KUMAR |
| | 9447083300 | 9447303578 | 7012655030 |

No. KEEC/GL/2023/32

തിരുവനന്തപുരം
12.06.2023

സ്വീകർത്താവ്

ബഹു. ചെയർമാൻ & മാനേജിംഗ് ഡയറക്ടർ
കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്
വൈദ്യുതിഭവനം, പട്ടം
തിരുവനന്തപുരം

സർ,

വിഷയം : - KSEB എംപ്ലോയീസ് വെൽഫെയർ ഫണ്ട് - Governing Body അംഗത്വം സംബന്ധിച്ച്.

KSEB എംപ്ലോയീസ് വെൽഫെയർ ബോർഡ് ചാരിറ്റബിൾ ഇൻസ്റ്റിറ്റ്യൂഷൻ ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ഒരു ബോഡി ആണല്ലോ. അപ്പോൾ KSEB Welfare Fund ബോർഡിലെ Governing body അംഗങ്ങളെ തെരെഞ്ഞെടുക്കുന്നത് റെഗുലേഷൻ അനുസരിച്ചായിരിക്കണം. KSEBL പോലെയുള്ള ഒരു സ്ഥാപനം അതിന്റെ വെൽഫയർ ബോഡിയിൽ നിയവിരുദ്ധമായി അംഗങ്ങളെ നിയമിച്ച് മുന്നോട്ട് പോകുന്നത് ഖേദകരവും നിയമവിരുദ്ധമാണ്.

KSEB എംപ്ലോയീസ് വെൽഫെയർ ബോർഡിൽ കമ്മിറ്റി അംഗങ്ങളെ യാതൊരു മാനദണ്ഡവുമില്ലാതെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. KSEB യിൽ വിവിധ രജിസ്ട്രേഡ് സംഘടനകൾ ഉണ്ട്. അപ്പോൾ ജനാധിപത്യപരമായി പറഞ്ഞാൽ എല്ലാ രജിസ്ട്രേഡ് സംഘടനകളുടെയും പ്രതിനിധികളേയും ഉൾപ്പെടുത്തി ബോർഡ് പുനഃസംഘടിപ്പിക്കണം. അല്ലായെങ്കിൽ KSEBL റഫറണ്ടത്തിൽ പങ്കെടുത്ത സംഘടനകൾ, അതുമല്ലെങ്കിൽ അംഗീകാരമുള്ള സംഘടനാ പ്രതിനിധികൾ, ഇതിനൊരു മാനദണ്ഡവും വ്യവസ്ഥയും വേണം.

കേവലം 3000 ജീവനക്കാരെമാത്രം ഉൾക്കൊള്ളുന്ന ഓഫീസർ സംഘടനകളുടെ പ്രതിനിധികളെ Governing body യിൽ ഉൾപ്പെടുത്തിയിരിക്കുന്നു. അംഗീകാരമില്ലാത്ത ചില ട്രേഡ് യൂണിയൻ പ്രതിനിധികളെയും ഉൾപ്പെടുത്തിയിരിക്കുന്നു അവരിൽ ആർക്കാണ് അംഗീകാരം ഉള്ളത്. ആരെയൊക്കെ Governing body യിൽ ഉൾപ്പെടുത്താമെന്ന് ആദ്യം ബോർഡ് ഉത്തരവ് പുറത്തിറക്കണം. ഓഫീസർമാർക്ക് ഇതുവരെയും റഫറണ്ടം നടത്തിയിട്ടില്ലല്ലോ. അപ്പോൾ അവർക്ക് അംഗീകാരം ഇല്ലല്ലോ. തൊഴിലാളികളെ പ്രതിനിധീകരിക്കുന്ന റഫറണ്ടത്തിൽ പങ്കെടുത്ത വിവിധ സംഘടനാ പ്രതിനിധികളെ ഉൾപ്പെടുത്താതെ കേവലം 3000 എണ്ണം മാത്രമുള്ള അംഗീകാരമില്ലാത്ത ഓഫീസർമാരുടെ സംഘടനകൾക്ക് ബോഡിയിൽ അംഗത്വം നൽകിയ തീരുമാനം സാമാന്യ നീതിക്കും നിലവിലെ റെഗുലേഷനും വിരുദ്ധമാണ്.

ഈ വിഷയത്തിൽ അങ്ങയുടെ മുമ്പാകെ ഒരു കാര്യംകൂടി ശ്രദ്ധയിൽപ്പെടുത്തുന്നു. യൂണിയൻ പ്രൊട്ടക്ഷൻ തെറ്റായി നൽകിയതിനെതിരെ ഞങ്ങൾ കോടതിയെ സമീപിച്ചപ്പോൾ, പൊടുന്നനെ നിയമവിരുദ്ധമായ ഒരു ബോർഡുത്തരവ് അങ്ങയുടെ ഓഫീസിൽ നിന്നും ഇറങ്ങുകയുണ്ടായി. പ്രസ്തുത ഉത്തരവ് ചെയർമാനെ തെറ്റിദ്ധരിപ്പിച്ച് ഇറക്കിയതായിരിക്കാം. അതുപോലെ Welfare Board ഉം Governing Body യും ഇഷ്ട പ്രകാരം മാത്രം നിയമിക്കുന്നതിന് റെഗുലേഷൻ തെറ്റായി Amend ചെയ്ത് വീണ്ടുമൊരു നിയമപ്രശ്നത്തിന് ഇടയാക്കരുതെന്ന് ഒരു അഭ്യർത്ഥനയുണ്ട്.

അംഗീകാരമില്ലാത്ത ഓഫീസർ സംഘടനാ പ്രതിനിധികളേയും അംഗീകാരമില്ലാത്ത ചില ട്രേഡ് യൂണിയൻ പ്രതിനിധികളേയും KSEB Employees Welfare Fund Governing body ൽ ഉൾപ്പെടുത്തി യിരിക്കുന്നതിനാൽ, KSEBL Welfare Fund Governing Body യിൽ ഈ സ്ഥാപനത്തിലെ പ്രധാന പ്രതിപക്ഷമായ കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷന്റെ (INTUC) പ്രതിനിധിയെ ഉൾപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

| | | |
|---|---|---|
| കെ.പി.ധനപാലൻ Ex.MP<br>പ്രസിഡന്റ് | അഡ്വ.സിബിക്കുട്ടി ഫ്രാൻസിസ്<br>വർക്കിംഗ് പ്രസിഡന്റ് | വി.സുധീർ കുമാർ<br>ജനറൽ സെക്രട്ടറി |